**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2080 06/02/2019-ൽ മറുപടിയ്ക്ക്

**ശസ്ത്രക്രിയാ ഉപകരണങ്ങൾ മറിച്ചു വിൽക്കുന്നത് തടയാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | രോഗികളും ബന്ധുക്കളും വാങ്ങി നൽകുന്ന ശസ്ത്രക്രിയാ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള വിലകൂടിയ ഉപകരണങ്ങൾ പലപ്പോഴും രോഗികൾക്ക് ഉപയോഗിക്കാതെ അധികൃതർ മറിച്ചുവിൽക്കുന്നതുൾപ്പെടെയുള്ള തട്ടിപ്പുകൾ നടത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലേയ്ക്ക് രോഗികളും ബന്ധുക്കളും ചികിത്സാവശ്യങ്ങൾക്ക് വാങ്ങി നൽകുന്ന ഉപകരണങ്ങളെ സംബന്ധിച്ച വിശദാംശം രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം ഉപകരണങ്ങൾ കൃത്യമായി സൂക്ഷിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | രോഗികളും ബന്ധുക്കളും വാങ്ങി നൽകുന്ന ഉപകരണങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ